"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് -ജീവനക്കാര്യം-ശ്രീമതി അഞ്ജലി.വി, കൃഷി ഓഫീസർ-ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.384/2024/AGRI തീയതി,തിരുവനന്തപുരം, 25-04-2024

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 12-02-2024 ലെ ADFW/1776/2024-sD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല കൃഷി ഓഫീസറായി 18-11-2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അഞ്ജലി.വി -യ്ക്ക് പഞ്ചാബ് കാർഷിക സർവകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി 24-11-2023 മുതൽ 30-04-2024 വരെ 159 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും കോഴ്സ് സർട്ടിഫിക്കറ്റും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല കൃഷി ഓഫീസറായ ശ്രീമതി അഞ്ജലി.വി -യ്ക്ക് പഠനാവശ്യത്തിനായി (പഞ്ചാബ് കാർഷിക സർവകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി) 24-11-2023 മുതൽ 30-04-2024 വരെ (01/05/2024 പിൻ ചേർത്ത്) കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. അവധി കഴിഞ്ഞ് ടിയാൾ സർവീസിൽ പുന പ്രവേശിക്കുമ്പോൾ പുതിയതായി ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം
ശ്രീമതി അഞ്ജലി.വി, കൃഷി ഓഫീസർ, (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് പകർപ്പ് (AGRI-EA2/143/2023-AGRI)

ഉത്തരവിൻ പ്രകാരം

സ.ഉ.(സാധാ) നം.384/2024/AGRI

സെക്ഷൻ ഓഫീസർ